**(VII) വകുപ്പിന്റെ നയരൂപീകരണത്തെയോ, അവയുടെ നടപ്പാക്കലിനെയോ സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നുള്ള അംഗങ്ങളുമായും കൂടിയാലോചിക്കുന്നതിനും അല്ലെങ്കിൽ അവരാൽ പ്രതിനിധീകരിക്കപ്പെടുന്നതിനും നിലവിലുള്ള ഏതെങ്കിലും ക്രമീകരണങ്ങളുടെ വിശദാംശങ്ങൾ:**

കേന്ദ്ര തലത്തിൽ പാർലമെന്റും സംസ്ഥാന തലത്തിൽ നിയമസഭയും നിർമ്മിക്കുന്ന നിയമങ്ങൾ പ്രകാരമാണ് മിനറൽ കൺസഷനുകൾ അനുവദിക്കുന്നത്. സംസ്ഥാന തലത്തിൽ പുതിയ ധാതുസംബന്ധമായ നയങ്ങൾ രൂപീകരിക്കുമ്പോൾ പൊതു ജനങ്ങളുടേയും ഖനന പ്രവർത്തിയുമായി ബന്ധപ്പെട്ടവരുടേയും അഭിപ്രായങ്ങൾ തേടാറുണ്ട്. കരട് നിയമങ്ങളും നയങ്ങളും വകുപ്പിന്റെ വെബ് സൈറ്റിൽ പ്രദർശിപ്പിച്ച് അഭിപ്രായം തേടുന്നുണ്ട്.